**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സി.എസ്.ആർ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സി.എസ്.ആർ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 2013 ലെ കമ്പനി നിയമം അനുസരിച്ച് അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികൾ നിർബന്ധമായും അവരുടെ അറ്റലാഭത്തിന്റെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതി-കൾക്കായി വിനിയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ചുമതല അതാത് ഡയറക്ടർ ബോർഡുകൾക്കാണ്.<br><br>വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ സി എസ് ആർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കെ. എസ്. ഐ. ഡി. സി, പോലുള്ള സ്ഥാപനങ്ങൾ സി.എസ്.ആർ ഫണ്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു നയം രൂപീകരിച്ചിട്ടുള്ളതിനു പുറമേ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം വിലയിരുത്തുന്നതിനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | മികച്ച ഭരണത്തിനും സുതാര്യതയ്ക്കുമായി സി.എസ്.ആർ കമ്മിറ്റിയിൽ സ്വതന്ത്ര ഡയറക്ടർമാരെ നിയമിക്കുവാൻ പൊതുമേഖല സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സി എസ് ആർ ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ ശരിയായ വിനിയോഗവും സാമൂഹ്യ പ്രതിബദ്ധതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ചുമതലയും ഡയറക്ടർ ബോർഡ് അംഗങ്ങളായ ഒരു സി എസ് ആർ കമ്മിറ്റിക്കാണ്. സ്വതന്ത്ര ഡയറക്ടർ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ സി എസ് ആർ കമ്മിറ്റിയിൽ ഒരു അംഗം നിർബന്ധമായും സ്വതന്ത്ര ഡയറക്ടറാകണമെന്നും 2013 ലെ കമ്പനി നിയമം അനുശാസി-ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ